(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/2004/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,തിരുവനന്തപുരം ഫോൺ 0471 2331231,

ഇ-മെയിൽ lfadtvm@yahoo.in, തീയതി 21.11.2016

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

മണമ്പൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മണമ്പൂർ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ/ടി.വി.എം.ജി.പി.7/2004/2016 തീയതി -21.11.2016

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന്

വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 17.06.2016 മുതൽ 04.11.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എല്ലാ എൻക്വയറികൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 05.11.2016 മുതൽ 14.11.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. മുഹമ്മദ് സലിം.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. സുജേഷ്.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. വിനോദ്.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എസ്.സുരേഷ് കുമാർ | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീമതി.അമ്പിളി സുരേഷ് | 19-11-2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീമതി.ബി.എസ്.ഗീത | 01.04.2015 മുതൽ 31-03-16 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| സെക്രട്ടറി | : ശ്രീമതി.ബി.എസ്.ഗീത<br>(01.04.2015 മുതൽ 31.03.2016 വരെ) |
| അസി. സെക്രട്ടറി | : ശ്രീ.അൻസാരി |

| | |
|---|---|
| | (01.04.2015 മുതൽ 31.07.2015 വരെ) |
| | : ശ്രീ.സലിംകുമാർ<br>(19.08.2015 മുതൽ 31.03.2016 വരെ) |
| അസി. എഞ്ചിനീയർ | : ശ്രീ.അരുൺ.എസ്<br>(01.04.2015 മുതൽ 16.05.2015 വരെ) |
| | : ശ്രീമതി.നികിത<br>(16.05.2015 മുതൽ 31.03.2016 വരെ) |
| മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി) | : ഡോ.ഷീലാകുമാരി<br>(01.04.2015 മുതൽ 31.03.2016 വരെ) |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | : ഡോ.ശിവകുമാരി<br>(01.04.2015 മുതൽ 31.03.2016 വരെ) |
| വെറ്റിനറി സർജൻ | : ഡോ.അഭിലാഷ്<br>(01.04.2015 മുതൽ 31.03.2016 വരെ) |
| വി.ഇ.ഒ - I | : ശ്രീമതി.ഷജീറ<br>(01.04.2015 മുതൽ 31.03.2016 വരെ) |
| വി.ഇ.ഒ - II | : ശ്രീമതി.രാജലക്ഷ്മി<br>(01.04.2015 മുതൽ 31.03.2016 വരെ) |
| കൃഷി ഓഫീസർ | : ശ്രീമതി.റീജ.എസ്.ധരൻ<br>(01.04.2015 മുതൽ 31.03.2016 വരെ) |

| | |
|---|---|
| ICDS സൂപ്പർവൈസർ | : ശ്രീമതി.ഗിരിജകുമാരി<br>(01.04.2015 മുതൽ 31.03.2016 വരെ) |

ഉള്ളടക്കം

ഭാഗം - I



| ക്രമ.നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമ പദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1.10 | |
| 11 | ക്യാഷ് ബുക്ക് പരിപാലനം | 1.11 | |
| 12 | അനുബന്ധ പത്രികകൾ | 1.12 | |



ഭാഗം - II



| ക്രമ.നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചില്ല | 2.1 | |

| | | | |
|---|---|---|---|
| 2 | ഡി ആന്റ് ഓ ലൈസൻസ് നടപടി ക്രമങ്ങൾ പാലിക്കാതെ ഡിമാന്റിൽ നിന്നും ഒഴിവാക്കി | 2.2 | |

ഭാഗം - III

| ക്രമ.നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | റോഡ് കോൺക്രീറ്റിംഗ് പദ്ധതിപ്പണം ദുർവിനിയോഗം ചെയ്യുന്ന | 3.1 | |
| 2 | മെയിന്റനൻസ് ഗ്രാന്റ് ചെലവ്- സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3.2 | |
| 3 | ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂർ നൽകൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 3.3 | |
| 4 | മരാമത്ത് പ്രവർത്തികൾ - പൊതു നിരീക്ഷണം | 3.4 | |
| 5 | പകൽ വീട്- അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ സാധന സാമഗ്രികൾ വാങ്ങി. | 3.5 | |
| 6 | ആശ്രയ പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല. | 3.6 | |
| 7 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ- രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല | 3.7 | |

ഭാഗം - IV

| ക്രമ.നം | ഇനം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4.1 | |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4.3 | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 | |

| | | | |
|---|---|---|---|
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4.5 | |
| 6 | ഓഡിറ്റ് റിക്കവറി | 4.6 | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4.7 | |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4.8 | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4.9 | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4.10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.3.2015ൽ ചേർന്ന കമ്മിറ്റി 1 നമ്പരായി അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 9,17,71,094/- രൂപയും പ്രതീക്ഷിത ചെലവ് 8,75,13,150/- രൂപയും പ്രതീക്ഷിത നീക്കിയിരിപ്പ് 42,57,944/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വ്രഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 30.06.2016 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻ ബാക്കി | : ₹ 23492925/- |
| വരവ് | : ₹ 29317926/- |
| ആകെ | : ₹ 52810851/- |
| ചെലവ് | : ₹ 40955862/- |

| | |
|---|---|
| നീക്കിയിരുപ്പ് | : ₹ 11854989/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 1161920 | 6987843 | 8149763 | 8149763 | (+)3159266 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 3970603 | 360804 | 4331407 | 4331407 | (-)1773603 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 798625 | 6078181 | 6876806 | 6876806 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 1227779 | 577221 | 1805000 | 1805000 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 840186 | 3469442 | 4309628 | 4309628 | (-)454522 | 0 |
| ലോക ബാങ്ക് സഹായം | 3118176 | 612000 | 2799035 | 2799035 | (-)931141 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|
| 135 | 106 | | 29 | 78.51 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 15 | 10 | 4217063 | 3105479 | 73.64 |
| അസി. സെക്രട്ടറി | 12 | 9 | 9812981 | 3572853 | 36.4 |
| അസി. എഞ്ചിനീയർ | 78 | 58 | 23558675 | 18151746 | 77.04 |
| കൃഷി ഓഫീസർ | 5 | 5 | 4499593 | 4384548 | 97.44 |
| വെറ്ററിനറി സർജൻ | 5 | 4 | 1712975 | 1662975 | 97.08 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 650000 | 549725 | 84 |
| വി.ഇ.ഒ. | 9 | 8 | 3882340 | 2052500 | 52.86 |
| ഹെഡ് മാസ്റ്റർ, ഗവ.യു.പി.എസ് | 1 | 1 | 96000 | 68850 | 71.71 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 4 | 2057204 | 1280014 | 62.22 |

## 1-7 തനതു വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+/_) |
|---|---|---|---|---|
| നികുതി വരവുകൾ | 1337021 | 1219794 | -117227 | -9% |
| നികുതിയേതര വരവുകൾ | 110004 | 70135 | -39869 | -36% |
| മറ്റു വരവുകൾ (ഇനം തിരിച്ച്) | 37884 | 44194 | 6310 | (+)16.6% |
| ആകെ | 1484909 | 1334123 | -150786 | -11% |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമപദ്ധതിയുടെ പേര് | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 5 | 5 | 0 | |

| | | | | | |
|---|---|---|---|---|---|
| 2 | തൊഴിൽരഹിത വേതനം | 38 | ലഭ്യമാക്കിയില്ല | | |
| 3 | വിധവാ പെൻഷൻ | 115 | 96 | 19 | |
| 4 | വികലാംഗ പെൻഷൻ | 14 | 12 | 2 | |
| 5 | 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 0 | 0 | 0 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 389 | 355 | 12 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.11.2016 രാവിലെ 10.30 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5628/- രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.16 -<br>19.10.16 | 01.09.16-<br>30.09.16 | ലഭിച്ചില്ല | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.03.14-<br>19.04.16 | 2008-09<br>2012-13 | 05.06.2014 | ഇല്ല |

## 1-11 ക്യാഷ് ബുക്ക് പരിപാലനം

ധനകാര്യ വകുപ്പിന്റെ 12.04.2006 ലെ സ.ഉ. (കൈ) 177/2006 പ്രകാരം എല്ലാ നിർവഹണോദ്യോഗസ്ഥരും അവരവർക്ക് ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ ഫോറം TR 7A ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശം ഗ്രാമപഞ്ചായത്തിലെ എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പാലിച്ചിട്ടുണ്ട്.

## 1-12 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ന്യൂനതാ സാക്ഷ്യപത്രം

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചില്ല

2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ ചട്ടം 16(2)പ്രകാരം പെർമിറ്റിന് അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം അതിൻമേൽ തീർപ്പ് കൽപ്പിക്കേണ്ടതും അല്ലാത്ത പക്ഷം അപേക്ഷകന് താൻ നൽകിയ അപേക്ഷ,പ്ലാൻ എന്നിവ അംഗീരിച്ചതായി കണക്കാക്കി നിർമ്മാണവുമായി മുൻപോട്ട് പോകാവുന്നതുമാണ്. എന്നാൽ ചുവടെപ്പറയുന്ന ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ ഈ സമയക്രമം പാലിച്ചിട്ടില്ല. ഓഡിറ്റ് തീയതി വരെയും (05-11-2016) തീർപ്പ് കൽപ്പിച്ചിട്ടില്ലാത്ത അപേക്ഷകളും ഇക്കൂട്ടത്തിലുണ്ട്. ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഭൂരിഭാഗം അപേക്ഷകളും അന്വേഷണ റിപ്പോർട്ടിനായി എഞ്ചിനീയർക്ക് കൈമാറിയതായും നാളിതുവരെ റിപ്പോർട്ട് ലഭിച്ചില്ലെന്നും മറുപടി നൽകി.

| ക്രമനം. | അപേക്ഷ നമ്പർ, തീയതി | അപേക്ഷകന്റെ പേര് | പെർമിറ്റ് നൽകേണ്ടിയിരുന്ന തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 4357/15<br>30.11.15 | ശ്രീമതി.ഹസീന ബീവി | 29-12-15 | 12-04-16 ന് പെർമിറ്റ് നൽകി |
| 2 | 1246/16<br>02.03.16 | ശ്രീ.പുരുഷോത്തമൻ പിള്ള | 01-04-16 | 07-06-16 ന് പെർമിറ്റ് നൽകി |
| 3 | 1764/16<br>26.03.16 | ശ്രീ.ബാബു സേനൻ | 25-04-16 | 23-05-16 ന് പെർമിറ്റ് നൽകി |
| 4 | 538/16<br>21-01-16 | ശ്രീ.ശ്രീകാന്ത് | 20-02-16 | നാളിതുവരെ പെർമിറ്റ് നൽകിയില്ല. എ.ഇ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയില്ല |
| 5 | 608/16<br>(തീയതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല) | ശ്രീമതി.പ്രസന്നകുമാരി | | നാളിതുവരെ പെർമിറ്റ് നൽകിയില്ല. എ.ഇ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയില്ല |
| 6 | 1065/16<br>20-02-16 | ശ്രീ.ഷക്കീർ | 19-03-16 | നാളിതുവരെ പെർമിറ്റ് നൽകിയില്ല. എ.ഇ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയില്ല |
| 7 | 1419/16<br>09-03-16 | ശ്രീ.എസ്.മുകേഷ് | 08-04-16 | നാളിതുവരെ പെർമിറ്റ് നൽകിയില്ല. എ.ഇ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയില്ല |
| 8 | 1918/16<br>02-04-16 | ശ്രീ.എസ്.ഗോപകുമാർ | 01-05-16 | നാളിതുവരെ പെർമിറ്റ് നൽകിയില്ല. എ.ഇ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയില്ല |
| 9 | 4105/16<br>03-08-16 | ശ്രീമതി.ഷാഹിദബീവി | 02-09-16 | നാളിതുവരെ പെർമിറ്റ് നൽകിയില്ല. എ.ഇ അന്വേഷണ റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമാക്കിയില്ല |
| 10 | 4497/16<br>25-08-16 | ശ്രീമതി.പി. പ്രസന്ന | 24-09-16 | നാളിതുവരെ പെർമിറ്റ് നൽകിയില്ല. എ.ഇ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയില്ല |

പെർമിറ്റ് അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുവാൻ സെക്രട്ടറിയും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് നൽകാൻ എഞ്ചിനീയറിംഗ് വിഭാഗവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ഡി ആന്റ് ഓ ലൈസൻസ് നടപടി ക്രമങ്ങൾ പാലിക്കാതെ ഡിമാന്റിൽ നിന്നും ഒഴിവാക്കി.

1998 ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ ചട്ടങ്ങൾ) ചട്ടം 3 പ്രകാരം പഞ്ചായത്തിന് ലഭിക്കേണ്ട തുക ഏതെങ്കിലും വിധത്തിൽ ഒഴിവാക്കേണ്ട പക്ഷം അതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ കാരണം സഹിതം സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും സെക്രട്ടറി അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും സ്റ്റാൻഡിംഗ് കമ്മിറ്റി തുക ഒഴിവാക്കാൻ ഭരണസമിതിയോട് ശുപാർശ ചെയ്യേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതിക്ക് തുക ഒഴിവാക്കി നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾ ആയിരം രൂപയിലധികം ഒഴിവാക്കുന്ന സംഗതികളിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെയും സർക്കാരിന്റെയും അംഗീകാരം തേടേണ്ടതുമാണ്. എന്നാൽ 2014-15 വർഷം പ്രവർത്തിച്ചിരുന്ന ചുവടെപ്പറയുന്ന സ്ഥാപനങ്ങളെ മേൽ നടപടിക്രമങ്ങൾ പാലിക്കാതെ 2015-16 വർഷ ഡിമാന്റിൽ നിന്നും ഒഴിവാക്കി നൽകി.

| ക്രമ നം | സ്ഥാപന ഉടമയുടെ പേരും വിലാസവും | സ്ഥാപനം | വാർഡ് നമ്പർ |
|---|---|---|---|
| 1 | ശ്രീമതി.സബീന, കുഴിവിള വീട്, മണമ്പൂർ | വെജിറ്റബിൾ ആന്റ് പ്രൊവിഷൻ സ്റ്റോർ | 3 |
| 2 | ശ്രീ.പ്രസേനൻ, കോട്ടുക്കവിള വീട് | സ്വാതി ബേക്കറി | 4 |
| 3 | ശ്രീ.ജറോം ഡിസൂസ, ബിനു ഹൗസ് | ബാറ്ററി സർവ്വീസ് | 6 |
| 4 | ശ്രീ.കെ.ജി.ജയചന്ദ്രകുമാർ | കാർത്തിക ക്ലിനിക്കൽ ലാബോറട്ടറി | 9 |
| 5 | ശ്രീമതി.സലീന അൻവർ | റ്റീഷോപ്പ് | 11 |
| 6 | ശ്രീ.എസ്.അനിൽകുമാർ | സ്റ്റേഷനറി കട | 13 |
| 7 | ശ്രീ.സഞ്ചയൻ, | എസ്.എൻ.ബേക്കറി | 15 |

വരും വർഷങ്ങളിൽ ഡിമാന്റിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവാക്കുന്ന പക്ഷം മേൽ പറഞ്ഞ നടപടി ക്രമങ്ങൾ അനുവർത്തിക്കാൻ സ്ഥാപനം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് കോൺക്രീറ്റിംഗ് പദ്ധതിപ്പണം ദുർവിനിയോഗം ചെയ്യുന്നു

ഐ.ആർ.സി സ്പെസിഫിക്കേഷൻ പ്രകാരം റോഡ് പുനരുദ്ധാരണ പ്രവൃത്തിയിൽ മെറ്റലിംഗും ടാറിംഗുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ 38 റോഡ് നിർമ്മാണ പ്രവൃത്തികളിൽ 26 എണ്ണവും കോൺക്രീറ്റിംഗ് പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. കോൺക്രീറ്റിംഗ് പ്രവൃത്തി ടാറിംഗിനേക്കാൾ കൂടുതൽ കാലം നിലനിൽക്കും എന്ന വാദഗതിയാണ് ഇതിനായി ഉന്നയിക്കുന്നത്. കൂടാതെ കോൺക്രീറ്റിംഗിന് മണലിനുപകരം പാറപ്പൊടി ഉപയോഗിക്കുകയും മണലിന്റെ നിരക്ക് അനുവദിച്ച് നൽകുകയുമാണ് ചെയ്ത് വരുന്നത്. ഡി.എസ്.ആർ 2014 കോസ്റ്റ് ഇൻഡക്സ് 1.42865 പ്രകാരം മെറ്റലിംഗ് ആന്റ് ടാറിംഗ് പ്രവൃത്തിക്ക് ഒരു ചതുരശ്രമീറ്ററിന് 2491 രൂപ ചെലവ് വരുമ്പോൾ കോൺക്രീറ്റിംഗിന് ഒരു ചതുരശ്രമീറ്ററിന് 2564 (1:4:8, 1:2:4) രൂപ ചെലവ് വരും. മെറ്റലിംഗും ടാറിംഗും പ്രായോഗികമല്ലാത്ത റോഡുകളിലാണ് കോൺക്രീറ്റിംഗ് ആവശ്യമായി വരുന്നത്. എന്നാൽ മേൽ ഘടകങ്ങളൊന്നും പരിഗണിക്കാതെ റോഡ് കോൺക്രീറ്റിംഗ് നടത്തുന്നത് പദ്ധതി പണം അധികം ചെലവഴിക്കാൻ ഇടയാകുന്നു. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

## 3-2 മെയിന്റനൻസ് ഗ്രാന്റ് ചെലവ്- സർക്കാർ നിർദ്ദേശം പാലിച്ചില്ല

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖയിൽ പ്രസ്തുത ഫണ്ട് നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനായാണ് വിനിയോഗിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. (G.O (Ms) 330/2004/LSGD dated 09-12-2004 വിനിയോഗ മാർഗ്ഗരേഖ ഖണ്ഡിക 4.6, 4.8 പ്രകാരം പുതിയ നിർമ്മാണ പ്രവൃത്തികൾ ഇത് ഉപയോഗിച്ച് ഏറ്റെടുക്കാനോ മെയിന്റനൻസ് ഗ്രാന്റ് മറ്റാവശ്യങ്ങൾക്ക് വകമാറ്റാനോ പാടുള്ളതല്ല.) എന്നാൽ സർക്കുലർ നമ്പർ 68228/FM1/2012/LSGD dated 28-11-12 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറിക്കിട്ടിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിച്ച ശേഷം റോഡ് മെയിന്റനൻസ് ഫണ്ട് അവശേഷിക്കുന്ന പക്ഷം മാത്രം മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് പ്രവർത്തികൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ സ്ഥാപനത്തിന്റെ റോഡുകളൊന്നും സംരക്ഷണം നടത്താൻ ബാക്കിയില്ല എന്ന് ഭരണ സമിതി ഏകകണ്ഠേന തീരുമാനമെടുത്ത ശേഷം മാത്രമേ ഇപ്രകാരം ചെയ്യാൻ പാടുള്ളു എന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷത്തിൽ മെയിന്റനൻസ് ഫണ്ട് (റോഡ്) വിഹിതം ഉൾപ്പെടുത്തി മടവിളാക്കം കാത്രൂർകോണം റോഡ് കോൺക്രീറ്റിംഗ് (പ്രോജക്ട് നമ്പർ32/15-16) എന്ന പ്രവൃത്തി അടങ്കൽ തുക – 49900 രൂപ വകയിരുത്തി 90 m നീളത്തിൽ 1.5 m വീതിയിലും മണ്ണ് ഫില്ല് ചെയ്ത് പുതിയ കോൺക്രീറ്റിംഗ് പ്രവൃത്തിക്കാണ് പ്രസ്തുത ഫണ്ട് വിനിയോഗിച്ചത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/15-16, 07-11-16) ഭരണ സമിതിയുടെ നിർദ്ദേശ പ്രകാരമാണ് പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചതെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തീരുമാനമെടുത്ത ഭരണ സമിതിയുടെ നടപടിക്ക് ന്യായീകരണമില്ല. മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പാലിക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂർ നൽകൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡി അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ (ഖ:XI എ, ഡി, സി-362/13 ത.സ്വ.ഭ.വ. 16.11.2013) പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകളുടെ നിർവഹണത്തിനായി മുൻകൂർ തുക നൽകാൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത മുൻകൂറുകൾ അതാത് സ്ഥാപനങ്ങൾ (ജല അതോറിറ്റി, കെ.എസ്.ഇ.ബി.) നിർമ്മാണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകേണ്ടതും അതിൻ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണെന്നും അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് ജല അതോറിറ്റി, കെ.എസ്.ഇ.ബി.യുമായി കരാർ ചമച്ചതിന് ശേഷം മാത്രമേ മുൻകൂർ തുക നൽകാൻ പാടുള്ളൂവെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. പ്രോജക്റ്റ് നം 77/15-16 പൈപ്പ് ലൈൻ നീട്ടൽ പ്രോജക്ടിന് 1600000/- രൂപ ജലഅതോറിറ്റിയിൽ മുൻകൂറായി നൽകിയിട്ടുണ്ട് (ബിൽ നം. 08/15-16/ 30.09.2016). ഇതിലേക്കായി കോസ്റ്റ് ഓഫ് മെറ്റീരിയൽസ്, വർക്കിംഗ് ചാർജസ്, സെന്റേജ് ചാർജ്, പബ്ലിസിറ്റി ചാർജ് എന്നീ ഇനങ്ങൾക്കായി യഥാക്രമം 430000, 990000, 175500, 2500 രൂപ വീതം വകയിരുത്തിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റാണ് വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകിയത്. എന്നാൽ പ്രസ്തുത തുകയിൽ 985951/-രൂപ മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (06/15-16 dated.08.11.2016) ബാലൻസ് തുക 614049/- രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും വസൂലാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. യഥാവിധി എസ്റ്റിമേറ്റ് തയ്യാറാക്കിയ ശേഷം മാത്രം തുക കൈമാറിയിരുന്നുവെങ്കിൽ ഇപ്രകാരം അധിക തുക തിരികെ ഈടാക്കേണ്ട സാഹചര്യം ഉണ്ടാകുമായിരുന്നില്ല. ഭാവിയിൽ മുൻകൂർ തുക നൽകുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 മരാമത്ത് പ്രവൃത്തികൾ - പൊതു നിരീക്ഷണം.

a) 2015-16 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് പ്രവർത്തികൾക്ക് വേണ്ടി 78 പദ്ധതികൾ തയ്യാറാക്കി അംഗീകാരം നേടി. അതിൽ 58 പ്രവർത്തികൾ മാത്രമാണ് തൻവർഷം നടപ്പാക്കിയത്. 78 പ്രവർത്തികൾക്കായി 2,35,58,675/- രൂപ വകയിരുത്തുകയും 58 പദ്ധതികൾക്കായി 1,81,51,746 ചെലവഴിക്കുകയും ചെയ്തു. ശേഷിക്കുന്ന 20 പദ്ധതികൾ 2016-17 വർഷത്തിൽ ഉപേക്ഷിക്കുകയും ചെയ്തു. അതായത് ആകെ അടങ്കൽ തുകയുടെ 77% ചെലവിൽ 74% പദ്ധതികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പദ്ധതികളുടെ ബാഹുല്യവും പ്രോജക്ട് രൂപീകരണത്തിലെ അശാസ്ത്രീയതയുമാണ് ഇതിന് കാരണമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് കെട്ടിട നിർമ്മാണം നടത്തുന്ന സ്ഥലത്തിന്റെ കൈവശാവകാശം ലഭ്യമാകാത്തതിനാലും ഗുണഭോക്തൃ സമിതികൾ പ്രവർത്തി ഏറ്റെടുക്കാത്തതിനാലുമാണ് പ്രവർത്തികൾ ഉപേക്ഷിക്കേണ്ടി വന്നത് എന്നറിയിച്ചിട്ടുണ്ട്. പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് അംഗീകാരം നേടുന്നതിന് മുന്നോടിയായി സംഘടിപ്പിക്കുന്ന വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ എന്നീ അനുബന്ധ പ്രവർത്തനങ്ങൾ യഥാവിധി ചർച്ചകൾക്കു വിധേയമാക്കാതെ കേവലം കമ്മിറ്റികളിൽ സൂചിപ്പിക്കപ്പെടുന്ന പ്രോജക്ടുകൾക്ക് അംഗീകാരം നൽകുകമാത്രമാണ് ചെയ്യുന്നതെന്ന് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

പൊതുമരാമത്ത് പ്രവർത്തികളുടെ പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കുന്ന വേളയിൽ മേൽ അപാകതകൾ ഒഴിവാക്കാൻ നിർവ്വഹണോദ്യോഗസ്ഥയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

b) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [GO(MS)/395/2013 LSGD 30.12.2013 ഖണ്ഡിക XIII(i)] പ്രകാരം അഞ്ച് ലക്ഷമോ അതിൽ കൂടുതലോ അടങ്കൽ തുകയുള്ള എല്ലാ നിർമ്മാണ പ്രവർത്തികളും ഇ-ടെൻഡർ മുഖേന മാത്രമേ നിർവ്വഹിക്കാവൂ എന്ന് നിഷ്കർശിച്ചിട്ടുള്ളതാണ്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിലെ പൊതുമരാമത്ത് പ്രവർത്തികളിൽ ഈ നിബന്ധന മറികടക്കുന്നതിനായി പ്രവർത്തികളുടെ അടങ്കൽ തുക 4,99,000/-രൂപയയായി നിജപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽതുക |
|---|---|---|---|
| 1 | 16/15-16 | പെരുംകുളം മാടൻകാവ് റോഡ് കോൺക്രീറ്റിംഗ് | 4,99,000 |
| 2 | 22/15-16 | മാടപ്പള്ളികോണം പോസ്റ്റ് ഓഫീസ് റോഡ് കോൺക്രീറ്റിംഗ് | 4,99,000 |
| 3 | 32/15-16 | മടവിളാകം കാരൂർകോണം റോഡ് കോൺക്രീറ്റിംഗ് | 4,99,000 |
| 4 | 46/15-16 | കാവുവിളാകം റോഡ് സെക്കന്റ് റീച്ച് കോൺക്രീറ്റിംഗ് | 4,99,000 |
| 5 | 51/15-16 | കാഞ്ഞിരം ക്ഷേത്രം റോഡ് സൈഡ് വാൾകെട്ട് | 4,99,000 |
| 6 | 58/15-16 | താനയ്ക്കാവ് ഇടവഴി മെയിന്റനൻസ് | 4,99,000 |
| 7 | 70/15-16 | പാലാംകോണം - കടമ്പ്രക്കോണം റോഡ് റീടാറിംഗ് | 4,99,000 |
| 8 | 18/15-16 | വെട്ടുറോഡ് ചർച്ച് റോഡ് കോൺക്രീറ്റിംഗ് | 4,99,000 |
| 9 | 89/15-16 | വെട്ടുറോഡ് ചർച്ച് റോഡ് കൾവർട്ട് നിർമ്മാണം | 1,51,000/- |

കൂടാതെ ഒരു നിർമ്മാണപ്രവർത്തിയെ പല ഭാഗങ്ങളായി മുറിച്ച് നിർവ്വഹണം നടത്താൻ പാടില്ലായെന്നുള്ള സർക്കാർ നിർദ്ദേശത്തെയും ഗുണഭോക്തൃ സമിതികൾക്കായി ഒരു പദ്ധതിയെ പലതാക്കാൻ പാടില്ലായെന്നുമുള്ള നിർദ്ദേശത്തെയും അവഗണിച്ച് വെട്ടുറോഡ് ചർച്ച് റോഡ് കോൺക്രീറ്റിംഗും കൾവർട്ട് നിർമ്മാണവും രണ്ട് പ്രവർത്തികളാക്കിയതും ഗുണഭോക്തൃ സമിതിയെ പ്രവർത്തി ഏൽപ്പിച്ചതും ക്രമവിരുദ്ധമാണ്.

## 3-5 പകൽ വീട്- അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ സാധന സാമഗ്രികൾ വാങ്ങി.

ഗ്രാമപഞ്ചായത്തിന്റെ പ്രമുഖമായ പദ്ധതികളിലൊന്നായിരുന്നു പകൽ വീട്. പകൽവീടിന് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിലേക്കായി 2015-16 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് 300,000/- രൂപ ഗ്രാമപഞ്ചായത്തിന് കൈമാറി (ഡി.ഡി നം 952268/22-02-13). പ്രസ്തുത തുകയിൽ നിന്നും പ്രോജക്ട് നമ്പർ 145/15-16 പ്രകാരം 199,725/- രൂപ ചെലവ് ചെയ്ത് സിഡ്കോയിൽ നിന്നും എൽ.ഇ.ഡി.ടെലവിഷൻ, ഫ്രിഡ്ജ്, സ്റ്റെബിലൈസർ, വാട്ടർ പ്യൂരിഫയർ, പെഡസ്റ്റൽ ഫാൻ തുടങ്ങിയ ഇലക്ട്രോണിക്ക് ഉപകരണങ്ങളും

ആശുപത്രി കിടക്കൾ, മെത്തകൾ, തലയിണകൾ, വാട്ടർടാങ്ക്, കസേരകൾ, മേശ തുടങ്ങിയവ ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. പകൽ വീടിന്റെ പ്രവർത്തനത്തെ കുറിച്ച് നൽകിയ അന്വേഷണത്തിന് (എൻക്വയറി നമ്പർ 05/09-11-16) 04.09.2015 ൽ ഉദ്ഘാടനം നടത്തിയ കെട്ടിടത്തിൽ നാളിതുവരെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാതെയും പ്ലംബിംഗ് ജോലികൾ പൂർത്തിയാക്കാതെയുമാണ് മേൽപ്പറഞ്ഞ സാധനങ്ങൾ വാങ്ങിയിട്ടുള്ളതെന്നും കണ്ടെത്തി. കൂടാതെ മേൽ ഉപകരണങ്ങളിൽ മിക്കവയും സമീപത്തായി പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രിയിലേക്കായി ഉപയോഗിക്കുന്നു. (ആശുപത്രി കിടക്കകൾ, തലയിണകൾ, ഫാൻ തുടങ്ങിയവ). അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വൈദ്യുതി എന്നിവയില്ലാതെ പകൽവീട് പ്രവർത്തന സജ്ജമാക്കുവാൻ കഴിയില്ലായെന്ന് ബോധ്യമുണ്ടായിരിക്കെ ഇലക്ട്രോണിക്ക് ഉപകരണങ്ങളും മറ്റുപകരണങ്ങളും വാങ്ങുവാൻ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകി. ഇത് ന്യായീകരിക്കുവാനാകില്ല. ആയതിനാൽ അടിയന്തിരമായി അടിസ്ഥാന സൗകര്യം ഒരുക്കി പകൽവീട് പ്രവർത്തനക്ഷമമാക്കാൻ ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ആശ്രയ പദ്ധതി - ലക്ഷ്യം കൈവരിച്ചില്ല.

സമൂഹത്തിലെ പരമദരിദ്രരും, അശരണരും, പരാശ്രയമില്ലാത്തവരുമായ അഗതികളെ കണ്ടെത്തി പൂർണമനസ്സോടെ ഇവർക്ക് വേണ്ടുന്ന സഹായം എത്തിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്ന പദ്ധതിയാണിത്. പ്രസ്തു പദ്ധതി പ്രകാരം ആഹാരം, വസ്ത്രം, ചികിത്സാ, വിദ്യാഭ്യാസം, താമസസ്ഥലം, കുടിവെള്ളം, ശുചിത്വമുള്ള കക്കൂസ് എന്നിവ ഗുണഭോക്താക്കൾക്ക് ഉറപ്പ് വരുത്തേണ്ടതാണ്. ആശ്രയ പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്, 16.01.2010 ലെ സർക്കാർ ഉത്തരവ് കെ.എ12/12തസ്വഭവ, 16.06.2012ലെ സർക്കാർ ഉത്തരവ് കെ.എ170/12, 16.012010 ലെ സർക്കാർ ഉത്തരവ് കെ.എ12/12 തസ്വഭവ 16.06.2012എന്നീ ഉത്തരവുകൾ പ്രകാരം ആശ്രയ പദ്ധതിയുടെ നിർവഹണത്തിന് ആവശ്യമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ആശ്രയ പദ്ധതിയിലെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ആവശ്യങ്ങളുടെ വിവരം | ഗുണഭോക്താക്കളുടെ എണ്ണം | യൂണിറ്റ് ചെലവ് | കാലാവധി | ആകെ | 2013 ആഗസ്റ്റ് മുതൽ 2016 ആഗസ്റ്റ് വരെ ചെലവാക്കിയ തു | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | 2013-14 | | 2014-15 | | 2015-16 | |
| | | | | | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| 1 | ഭക്ഷണം | 100 കുടുംബങ്ങളി ലെ 238 അഗതികൾ | അതാത് കുടുംബങ്ങൾക്ക് പദ്ധതിയിൽ പറയുന്നത് പ്രകാരം | 36 | 912600 | 238 | 250511 | - | 126997 | - | 424661 |
| 2 | ചികിത്സ സഹായം | 20 അഗതി കുടുംബങ്ങളിലെ 24 അംഗങ്ങൾക്ക് | പദ്ധതിയിൽ പറയുന്നതിനനുസരിച്ച് പ്രതിമാസം | 36 | 403400 | 24 | 2690 | | | | |
| 3 | വസ്ത്ര വാങ്ങൽ | 21 അഗതി കുടുംബങ്ങൾക്ക് | 75000 | 1 | 1575000 | | | | | | |
| 4 | ഭവന നിർമ്മാണം | 34 അഗതി കുടുംബങ്ങൾക്ക് | 125000 | 1 | 4250000 | 1 | 20000 | | | | |
| 5 | ഭവന പുനരുദ്ധാരണം | 14 അഗതി കുടുംബങ്ങൾക്ക് | 15000 | | 210000 | 1 | 25000 | | | | |
| 6 | കിണർ നിർമ്മാണം | 29 അഗതി കുടുംബങ്ങൾ | 10000 | | 290000 | 1 | 15000 | | | | |
| 7 | കക്കൂസ് നിർമ്മാണം | 30 അഗതി കുടുംബങ്ങൾക്ക് | | | 75000 | 1 | 7500 | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 8 | വിദ്യാഭ്യാസ സഹായം | അഗതി കുടുംബങ്ങളിലെ 21 അഗതികൾക്ക് | 3000 രൂപ പ്രതിവർഷം | 3 | 189000 | 19 | 17806 | 14 | 17310 | | |
| 9 | റിസർവ് ഫണ്ട് | | | | 15000 | - | - | | | | |
| 10 | പ്രോജക്ട് തയ്യാറാക്കൽ | | 10000 രൂപ | 1 | 10000 | - | 8100 | - | - | | |
| 11 | പ്രോജക്ട് നിർവ്വഹണവും മോണിറ്ററിംഗം | | 5000 രൂപ പ്രതിവർഷം | 3 | 15000 | | | | | | |
| ആകെ | | | | | 7945000 | | | | | | |

ഗ്രാമപഞ്ചായത്ത് 2012-13 മുതൽ 2015-16 വരെ ആശ്രയ ഗുണഭോക്താക്കൾക്ക് ആശ്രയ പദ്ധതിയിൽ നിന്നും ജനകീയാസൂത്രണ പ്രോജക്ടുകളിൽ നിന്നും നൽകിയ ആകെ ആനുകൂല്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ആനുകൂല്യം | ആശ്രയ ഫണ്ട് വിനിയോഗിച്ച് ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം, തുക | ജനകീയാസൂത്രണ പ്രോജക്ടുകളിൽ ആനുകൂല്യം നൽകിയ ആശ്രയ ഗുണഭോക്താക്കളുടെ എണ്ണം (തുക) |
|---|---|---|---|
| 1 | ഭവന നിർമ്മാണം | 1@200000/- (വികസന ഫണ്ട്) | 2@400000/- |
| 2 | ഭവന പുനരുദ്ധാരണം | 0 | 1@25000/- |
| 3 | കിണർ നിർമ്മാണം | 0 | 1@15000/- |
| 4 | കക്കൂസ് നിർമ്മാണം | 0 | 1@7500/- |
| 5 | ഭക്ഷണം | 802169/- (ചലഞ്ച് ഫണ്ട്) | 0 |
| 6 | ചികിത്സാ സഹായം | 2690/- (ചലഞ്ച് ഫണ്ട്) | |
| 7 | വിദ്യാഭ്യാസ സഹായം | 35116/- (ചലഞ്ച് ഫണ്ട്) | |

ഗ്രാമപഞ്ചായത്ത് ആശ്രയ പ്രോജക്ടിനു വേണ്ടി 7945,000/- രൂപയുടെ പ്രോജക്ടിനു അംഗീകാരം വാങ്ങിയെങ്കിലും നാളിതുവരെ ചലഞ്ച് ഫണ്ടിൽനിന്നും 839,975/- രൂപ ചലഞ്ച് ഫണ്ടിൽ നിന്നും, 200,000/- രൂപ വികസന ഫണ്ടിൽ നിന്നും മാത്രമാണ് ചെലവഴിച്ചത്.

പത്താം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നായ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി സമൂഹത്തിലെ അശരണരും അഗതികളുമായ വിഭാഗങ്ങളെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിലേക്ക് ഭക്ഷണം, വസ്ത്രം, പാർപ്പിടം, ചികിത്സ, വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നിവ ലഭ്യമാക്കുകയാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.
പദ്ധതി നിർദ്ദേശ പ്രകാരം കുടുംബശ്രീ, അയൽക്കൂട്ട സംവിധാനം, സാമൂഹിക സുരക്ഷിതത്വ വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ

സർവ്വേ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതും ടി ഗുണഭോക്താക്കളുടെ പട്ടികയ്ക്ക് ഗ്രാമസഭ, പഞ്ചായത്ത് കമ്മിറ്റി എന്നിവയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. 16.11.2013 ലെ സ.ഉ.(കൈ)നം. 362/2013/തസ്വഭവ പ്രകാരം ആശ്രയയ്ക്ക് വേണ്ടി എല്ലാവർഷവും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്.

ഒന്നാം ഘട്ടത്തിന്റെ പ്രോഗ്രസ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് രണ്ടാം ഘട്ടം ആസൂത്രണം ചെയ്യേണ്ടതെങ്കിലും പ്രോഗ്രസ്സ് റിപ്പോർട്ട് തയ്യാറാക്കി രണ്ടാം ഘട്ടത്തിലേക്കായി നാളിതുവരെ ഗുണഭോക്കളെ കണ്ടെത്തി പട്ടികയ്ക്ക് അംഗീകാരം നേടുകയോ പദ്ധതി ആസൂത്രണം ചെയ്യുകയോ ചെയ്തിട്ടില്ല.

സർക്കാർ, അശരണരും അഗതികളുമായ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ദീർഘ വീക്ഷണത്തോടെ വിഭാവനം ചെയ്ത പദ്ധതി ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ അനാസ്ഥമൂലം പരാജയപ്പെട്ടിരിക്കുന്നു. ആശ്രയ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധ വികസന-ക്ഷേമ പ്രോജക്ടുകളിൽ മുൻഗണന നൽകേണ്ടതാണെന്ന സർക്കാർ നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ലെന്ന് മേൽപട്ടികയിൽ നിന്നും വ്യക്തമാകുന്നു. വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെയും സർക്കാരിന്റെയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

2015-16 വർഷം നടപ്പിലാക്കിയ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിന് (03/15-16)ക്വട്ടേഷൻ ക്ഷണിച്ചിതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ആറ്റിങ്ങൽ ഡ്രഗ് ഹൗസ് എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ അംഗീകരിച്ച് നൽകി. തുടർന്ന് ഡി.ഡി നമ്പർ - 100021/22-03-16 പ്രകാരം 50000 രൂപ അനുവദിച്ച് നൽകി . എന്നാൽ പ്രസ്തുത ക്വട്ടേഷൻ അംഗീകരിച്ച പർച്ചേസ് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ്, പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/15-16 dated 10-11-16) രേഖകൾ ഫയലിൽ സൂക്ഷിക്കാൻ വിട്ടുപോയതാണെന്ന് വെറ്റിനറി സർജൻ മറുപടി നൽകി. മേൽ അപാകത ഭാവിയിൽ സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | ബിൽ / ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 08/15-16<br>30-09-2016 | 1600000 | 985951 | പൂർത്തീകരിച്ചു | 614049 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

| പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ/ വൗച്ചർ നം | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

4.4 വായ്പ/ വായ്പ തിരിച്ചടവ്

(i) വായ്പ / വിനിയോഗം/ വീഴ്ചകൾ എന്നിവയുടെ വിവരം

| 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിക്കാനവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|
| ഇല്ല | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഓ (ആർ.ടി നം. 275/2000/ISGD dated 27-01-2010 | 13648500 | 5826253 | 1998215 | 583673 | 3828038 |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

2015-16 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| നിരതദ്രവ്യം | ഇല്ല |
| സെക്യേർഡ് ഡിപ്പോസിറ്റ് | |
| റിടെൻഷൻ തുക | |

| | |
|---|---|
| മറ്റുള്ളവ | |
| ആകെ | |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2007-08<br>3.10 | 2009-10<br>3.7.1 | | 2013-14 സാമ്പത്തിക വർഷം പ്രസ്തുത കുടിവെള്ള പദ്ധതി പൂർത്തിയായിട്ടുണ്ട്. |

# 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ഗ്രാമപഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേർഡ് അക്കൗണ്ടന്റിനെ കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | വർഷം | തീയതി | | | | |
| സാമൂഹികാരോഗ്യ കേന്ദ്രം മണന്നൂർ | | ഡിപ്പാർട്ട്മെന്റ്, എജി ആഡിറ്റുകൾ | അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് 30-06-15 വരെ നടത്തിയിട്ടുണ്ട് | | അധിക തുക അക്കൗണ്ടിൽ ചെലവഴിക്കാതെ സൂക്ഷിക്കുന്നു എന്ന് പരാമർശിച്ചിട്ടുണ്ട് | നടത്തിയിട്ടില്ല | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : ₹ 52810851/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : ₹ 40955862/- |
| വരവിനങ്ങളിലുള്ള നഷ്ടം | : 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 0 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| -ഇല്ല- | | |

*(സി) ക്രമാനുസരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| -ഇല്ല- | | |

*(ഡി) സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| -ഇല്ല- | | |

*(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| -ഇല്ല- | | |

(എഫ് ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ജി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എച്ച് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| -ഇല്ല- | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-2002 | എൽ.എഫ്.റ്റി.ഡി.ജി.പി.9/723/2003<br>തീയതി.23-07-2014 | 2 |
| 2003-2004 | എൽ.എഫ്.റ്റി.ഡി.ജി.പി.9/72/2005<br>തീയതി. 23-07-14 | 1 |
| 2004-2005 | എൽ.എഫ്.റ്റി.ഡി.ജി.പി.7/917/2008<br>തീയതി.23-07-14 | 3 |
| 2006-2007 | എൽ.എഫ്.റ്റി.ഡി.ജി.പി.7/1960/2008<br>തീയതി.23-07-14 | 3 |
| 2007-2008 | എൽ.എഫ്.റ്റി.ഡി.ജി.പി.7/72/2005<br>തീയതി 23-07-14 | 5 |
| 2008-2009 | എൽ.എഫ്.റ്റി.ഡി.ജി.പി.7/2271/2011<br>തീയതി-23-07-14 | 7 |
| 2009-2010 | എൽ.എഫ്.റ്റി.ഡി.ജി.പി.7/2272/2015<br>തീയതി-11-08-15 | 3 |
| 2010-2011 | എൽ.എഫ്.റ്റി.ഡി.ജി.പി. 9/732/2015<br>തീയതി.15-06-15 | 4 |
| 2011-2012 | എൽ.എഫ്.റ്റി.ഡി.ജി.പി.7/1545/2013<br>തീയതി-27-10-14 | 4 |
| 2012-2013 | എൽ.എഫ്.റ്റി.ഡി.ജി.പി.7/2608/2014<br>തീയതി. 05-11-15 | 8 |
| 2013-2014 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/458/2016<br>തീയതി.18-03-16 | 13 |
| 2014-2015 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1315/2016<br>തീയതി.29-07-16 | 14 |

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

<u>അനുബന്ധം 1</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതൊഴികെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പും 3/19/2003/ധന തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

<u>ന്യൂനതകൾ</u>

1. സ്ഥാപനത്തിന്റെ മുഴുവൻ ആസ്തിവിവരവും വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിച്ചിട്ടില്ല
2. സ്റ്റോക്ക് & സ്റ്റോർസ് മൂല്യധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. 176682 രൂപയുടെ പാർട്ട് പെയ്മെന്റ് ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്